"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര
(എ.ആർ-13) വകുപ്പ്

നം. എ.ആർ13(2 )/25/2021/ഉഭപവ. 30/01/2021,തിരുവനന്തപുരം

അഡീഷണൽ ചീഫ് സെക്രട്ടറി.

എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പദ്ധ്യക്ഷന്മാർക്കും.

സർ,

വിഷയം:- ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്- സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ എന്നിവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീതും ഒരു മാസത്തിനുള്ളിൽ സ്വീകരിച്ച നടപടിയും മൂന്ന് മാസത്തിനുള്ളിൽ അന്തിമ മറുപടിയും നൽകണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന:- 16.07.2015-ലെ 11433/എ.ആർ13(2 )/15/ഉഭപവ. നമ്പർ സർക്കുലർ.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. സൂചന സർക്കുലറിലെ ( പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വകുപ്പുമേധാവികളും ഉറപ്പാക്കേണ്ടതും ലംഘിക്കുന്നവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ,
T SUDHEER BABU
ഡെപ്യൂട്ടിസെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

## ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്

നമ്പർ 11433/എ.ആർ13(2)/2015/ഉഭപവ.

*തീയതി, തിരുവനന്തപുരം, 2015 ജൂലൈ 16.*

## സർക്കുലർ

*വിഷയം:* — ഉത്തരവുകൾ പാലിക്കുന്നില്ലായെന്ന പരാതി സംബന്ധിച്ച് —നിർദ്ദേശം പുറപ്പെടുവിക്കുന്നു.

*പരാമർശം:*—(1) 30-3-1985-ലെ 3461/എ2/85/ഉഭപവ നമ്പർ സർക്കുലർ.

(2) 12-1-2009-ലെ 168/എ.ആർ.13(2)/09/ഉഭപവ നമ്പർ സർക്കുലർ.

സൂചന (1) ലെ സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും, പ്രസ്തുത പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും, അന്തിമ തീർപ്പ് മൂന്ന് മാസത്തിനകവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

സൂചന (2) ലെ സർക്കുലറിലൂടെ, കൈപ്പറ്റ് രസീതിന്റെ മാതൃക ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകൾക്ക് കൈപ്പറ്റ് രസീത് നൽകണമെന്ന് നിർദ്ദേശിച്ചിരുന്നു.

മേൽപ്പറഞ്ഞ സർക്കുലറുകളിലെ നിർദ്ദേശങ്ങൾ ലംഘിക്കുന്നത് സംബന്ധിച്ച പരാതികൾ സർക്കാരിന് ഇപ്പോഴും ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നും, പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് അദ്ധ്യക്ഷൻമാർ ശിക്ഷാനടപടി കൈക്കൊള്ളണമെന്നും നിർദ്ദേശിക്കുന്നു.

**ഇ. കെ. മാജി,** ഐ.എ.എസ്.

*പ്രിൻസിപ്പൽ സെക്രട്ടറി.*

GCPT. 3/2977/2015/TP.

[മറുപുറം

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

സെക്രട്ടറിയേറ്റിലെ ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും/സെക്ഷനുകൾക്കും.

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം (അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.